മഹാത്മാഗാന്ധി സർവ്വകലാശാല

നം : രജി.2/144/2020

09 ജൂൺ 2020

അഭ്യർത്ഥന

കോവിഡ് – 19 മഹാമാരിയെ തുടർന്ന് രാജ്യത്തുടനീളം 2020 മാർച്ച് 23-ന് പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗൺ-നെ തുടർന്ന് സർവ്വകലാശാലാ പ്രവർത്തനം നാമമാത്രമായി ചുരുങ്ങിയിരുന്നു. 2020 ജൂൺ 09 മുതൽ എല്ലാ സർക്കാർ ഓഫീസുകളും പൂർണ്ണ തോതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തുറന്ന് പ്രവർത്തിക്കുന്നതിന് നൽകിയ സർക്കാർ ഉത്തരവനുസരിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം പുനരാരംഭിച്ചിരിക്കുകയാണ്.

നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളെ വീണ്ടെടുക്കുന്നതിനായി നാം ഓരോരുത്തരും കഠിന പ്രയത്നം ചെയ്യേണ്ടതായുണ്ട്. നഷ്ട ദിനങ്ങളെ തിരികെ പിടിക്കുവാൻ നമുക്കാവില്ലെങ്കിലും ആ ദിനങ്ങളിൽ നമ്മൾ ചെയ്യേണ്ടിയിരുന്ന ജോലികൾ ചെയ്ത് തീർക്കുവാൻ നമുക്ക് സാധിക്കും.

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ ലോക്ക് ഡൗൺ കാലഘട്ടത്തിലും അല്ലാതെയും ലഭിച്ചിരിക്കുന്ന വിവിധ ആവശ്യങ്ങൾക്കുള്ള തീർപ്പാക്കാക്കാത്ത അപേക്ഷകളും മറ്റും അടിയന്തിരമായി തീർപ്പാക്കുന്നതിന് നാം പരിശ്രമിക്കേണ്ടതുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൾ സമർപ്പിച്ചിട്ട് നാളിതുവരെ നടപടികൾ കൈക്കൊണ്ടിട്ടില്ല എന്ന് കാണിച്ച് നിരവധി പരാതികൾ ഇ-മെയിലിലും മറ്റുമായി ദിവസേന സർവ്വകലാശാലയിൽ ലഭിക്കുന്നുണ്ട്. സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഉണ്ടാകുന്ന താമസം പലരുടെയും ഉന്നത പഠനത്തിനും തൊഴിൽ സമ്പാദനത്തിനും കാരണമാകുന്നു എന്ന് നാം മനസ്സിലാക്കണം.

ലോക്ക് ഡൗൺ പശ്ചാത്തലത്തിലായിരുന്നെങ്കിലും ഏതാണ്ട് 50 ദിവസത്തോളം നമ്മൾ നമ്മുടെ ദൈനംദിന ജോലികളിൽ നിന്നും വിട്ടുനിൽക്കുകയായിരുന്നു. ഈ ദിവസങ്ങളിൽ തന്നെ, സർവ്വകലാശാലാ ജീവനക്കാരിൽ പലരും നേരിട്ട് ഓഫീസിലെത്തിയും ഡി.ഡി.എഫ്.എസ്. മുഖേനയും ഫയലുകളും മറ്റും കൈകാര്യം ചെയ്തിരുന്ന കാര്യവും വിസ്മരിക്കുന്നില്ല. എന്നിരുന്നാലും, നമുക്ക് വിദ്യാർത്ഥികൾക്കും മറ്റും നൽകുവാൻ കഴിയുമായിരുന്ന പല സേവനങ്ങളും ഈ കാലഘട്ടത്തിൽ നൽകിയിട്ടില്ല എന്ന കാര്യം നാം ഓരോരുത്തരും ഓർക്കേണ്ടതാണ്.

നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളെ വീണ്ടെടുക്കുന്നതിനായി, ആ ദിനങ്ങളിൽ നാം ചെയ്യേണ്ടിയിരുന്ന ജോലികൾ ചെയ്തു തീർക്കുന്നതിനായി, നമുക്ക് ഒരുമിച്ച് കൈകോർക്കാം. ഇനിയുള്ള രണ്ട് മാസങ്ങളിലെ പ്രവർത്തി ദിവസങ്ങളിൽ അര മണിക്കൂർ നേരത്തെ ഓഫീസിലെത്തുന്നതിനും ഉച്ച ഭക്ഷണത്തിനെടുക്കുന്ന ഇടവേള പരമാവധി കുറച്ചും ഒരു നേരത്തെ ചായ വേണ്ടെന്നു വച്ചും നമ്മുടെ സീറ്റുകളിൽ / സെക്ഷനുകളിൽ കുടിശ്ശികയായി കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനായി ഓരോ ജീവനക്കാരനും ശ്രദ്ധ ചെലുത്തണമെന്നും അതു വഴി നമ്മുടെ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

രജിസ്ട്രാർ